**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2862

18.08.2017- ൽ
മറുപടിയ്ക്ക്

## ഒറ്റപ്പാലം താലൂക്കിലെ ഭൂമി കയ്യേറ്റം

ചോദ്യം

**ശ്രീ.പി.ഉണ്ണി**

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

എ) സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സർക്കാർ ഭൂമി കയ്യേറിയത് ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമിയിലെ സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനുമായി ഓരോ ജില്ലകളിലും ഡെപ്യൂട്ടി കളക്ടർ എൽ.ആർ ന്റെ നേതൃത്വത്തിൽ ജില്ലാതല ടീമും ഓരോ താലൂക്കിലും തഹസിൽദാർ (എൽ.ആർ) ന്റെ നേതൃത്വത്തിൽ താലൂക്ക്തല ടീമും രൂപീകരിച്ച് നടപടി സ്വീകരിച്ച് വരുന്നു. ആയത് പ്രകാരം കണ്ടെത്തിയ കയ്യേറ്റങ്ങൾ, 1957 ലെ കേരള ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും, പ്രകാരം ഒഴിപ്പിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കയ്യേറ്റങ്ങൾക്കെതിരെ വില്ലേജ് തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്.

ബി) ഒറ്റപ്പാലം താലൂക്കിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര പരാതികൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്കിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് 189 കേസുകൾ നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഒറ്റപ്പാലം 1 | 2 |
| 2 | ഒറ്റപ്പാലം 2 | 25 |
| 3 | തൃക്കടീരി | 8 |
| 4 | വെള്ളിനേഴി | 6 |
| 5 | അനങ്ങനടി | 71 |
| 6 | ലക്കിടി പേരൂർ 1 | 9 |
| 7 | അമ്പലപ്പാറ 2 | 1 |
| 8 | കടമ്പഴിപ്പുറം 1 | 4 |
| 9 | തൃക്കടീരി 1 | 13 |
| 10 | ലക്കിടിപേരൂർ 2 | 23 |
| 11 | വാണിയംകുളം 1 | 4 |

| | | |
|---|---|---|
| 12 | വാണിയംകുളം 2 | 1 |
| 13 | കരിമ്പുഴ 1 | 1 |
| 14 | പൂക്കോട്ട്കാവ് | 5 |
| 15 | ചളവറ | 3 |
| 16 | ശ്രീകൃഷ്ണപുരം 2 | 4 |
| 17 | കരിമ്പുഴ 2 | 4 |
| 18 | നെല്ലായ | 5 |
| | ആകെ | 189 |

സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണചട്ടങ്ങൾ 1958 എന്നിവ പ്രകാരമുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**